പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1127

01/07/2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ വി. ശിവൻകുട്ടി** | **ശ്രീ. പി.കെ. അബ്ദു റബ്ബ്** (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; | എ) 125 |
| ബി) ഇതിൽ കായികാദ്ധ്യാപകരുടെ ഒഴിവുകൾ എത്ര; | ബി) 42 |
| സി) യോഗ്യത ഇല്ലാത്തവരെ കായികാദ്ധ്യാപകരായി ഏതെങ്കിലും സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | സി) & ഡി) 2014-2015 വർഷത്തെ തസ്തിക നിർണ്ണയം മൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കും പ്രകാരം എസ്.എസ്.എ. വഴി പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ആണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ മറ്റ് അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് ഈ നടപടി പിൻവലിക്കുകയുണ്ടായി. |
| ഡി) അദ്ധ്യാപക ബാങ്കിൽ നിന്നും മുമ്പ് ഭാഷാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിച്ചിരുന്നോ; ഇവർ ഇപ്പോഴും തുടരുന്നുണ്ടോ; വിശദമാക്കമോ? | |

സെക്ഷൻ ഓഫീസർ